ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ബാർ കൌൺസിൽ ആക്ടിലെ (ആക്ട് VII of 1122) വ്യാം വകുപ്പിലുള്ള നിബന്ധനയനുസരിച്ച് വേറെ മാറ്റങ്ങളൊന്നും വേണമെന്ന ഉദ്ദേശിച്ചില്ല.

(ബി) ഉവ്വ്.

APPOINTMENTS TO THE JUDICIARY

*1058. [66] **Sri. Eapen Arakkal:** Will the Hon'ble Chief Minister be pleased to answer the following questions:—

(*a*) is the Public Service Commission consulted in the matter of appointments made to the Judiciary;

(*b*) or is it solely in the power and discretion of the Government to make such appointments;

(*c*) are the Heads of departments given any voice by the Public Service Commission in the matter of recruitment to the respective departments; and

(*d*) has the Public Service Commission any voice in the matter of giving promotions to hands already in service.

Chief Minister **(Sri. T. K. Narayana Pillai):**

(*a*) Yes as far as it is required by Article 233 and 234 read with Article 238 of the Constitution of India.

(*b*) Does not arise in view of answer to (*a*).

(*c*) In cases where selection is made after interviewing candidates, the Head of the Department for which selection is made is invited to be present and assist the Commission in the selection on such occasions his advice being given due weight.

(*d*) Yes.

പുറംപോക്കുസ്ഥലം

*ക ാ ൽ. (ന ാ) ശ്രീ. ടി. വി. ഭേവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലം താലൂക്കിൽ കിളികൊല്ലൂർ പകുതിയിൽ സർവ്വേ നമ്പർ ൽ-ൽ ന ാ സെൻറ പുറംപോക്കുസ്ഥലം പിന്നോക്കസമുദായം വകയ്ക്ക് ഒരു പൊതുമന്ദിരം കെട്ടുന്നതിന് ആവശ്യപ്പെട്ട പിന്നോക്കസമുദായക്കാരുടെ അപേക്ഷകൾ വന്നിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) കിളികൊല്ലൂർ പകുതിയിൽ സർവ്വേ നമ്പർ ൽ-ൽനിന്നും ന ാ സെൻറ് സ്ഥലം ഒരു ജനറൽ സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് പുലയർ മഹാജനസഭയുടെ ക്ലാ വ്യാം നമ്പർ കൊല്ലം ശാഖ അപേക്ഷിച്ചിട്ടുണ്ട്.

(ബി) അപേക്ഷാ സംഗതിയെക്കുറിച്ച് അന്വേഷണം നടത്തിവരുന്നു.

പന്തളം വടക്കേക്കര പകുതിയിലെ പാവ്വുക്കാരുടെ അഴിമതികൾ

*ക ാ ന ാ . (ന ാ വ) ശ്രീ. കെ. ഏ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽ പന്തളം വടക്കേക്കര പകുതിയിൽ ഇപ്പോൾ മൺ ക്ഷേത്രത്തിനു പടിഞ്ഞാറുവശം, റവന്യൂ പുറംപോക്കിൽനിന്ന് ഉദ്ദേശം അയിരം രൂപാ വിലവരുന്ന രണ്ട് ആഞ്ഞിലിതടികൾ ആ പകുതിയിലെ പാവ്വു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തൃകാർ മറിച്ചു വിറ്റ എന്നും നെല്ലെടുപ്പിലും പഞ്ചസാര വിതരണത്തിലും ആ ഉദ്യോഗസ്ഥൻ അഴിമതികൾ കാണിക്കുന്നുവെന്നും മറ്റും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അന്വേഷണം നടത്തിയോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിവരുന്നു.

വർത്തമാന പത്രങ്ങൾക്ക് ആനുകൂല്യങ്ങൾ

*൧൦൩൫. (൨൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ഈ സംസ്ഥാനത്തിലെ വർത്തമാന പത്രങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സാധാരണ കൊടുത്തുവരുന്നത്;

(ബി) ഏതെങ്കിലും പത്രങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നിരോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവൺമെണ്ടു് പ്രസിദ്ധീകരണങ്ങൾ സൌജന്യമായി നല്കുക, പത്ര പ്രതിനിധികളുടെ മറിയൽ പ്രവേശനം നല്കുക, ഗവൺമെണ്ടു് അടിയന്തിരങ്ങൾക്ക് ക്ഷണം ലഭിക്കുക എന്നിവയാണ് പത്രക്കാർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾ.

(ബി) ഉണ്ടു്.

(സി) മലബാർ മെയിൽ പത്രത്തിനു് പരസ്യം സംബന്ധിച്ചു് ആ പത്രം കാണിച്ചിട്ടുള്ള ചില ക്രമക്കേടുകളെ ആസ്പദമാക്കി മേൽപറഞ്ഞ ആനുകൂല്യങ്ങൾ നിരോധിച്ചിട്ടുണ്ടായിരുന്നു. ആ നിരോധനം ഇപ്പോൾ പിൻവലിച്ചിട്ടുണ്ടു്.

സംയോജനത്തിനുശേഷം ഇല്ലായ്മ ചെയ്തിട്ടുള്ള ഉദ്യോഗങ്ങൾ

*൧൦൩൬. (൨൫) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) സംയോജനത്തിനുശേഷം ൧൯൪൯ ആഗസ്റ്റ് ൩൧-ാംതീയതിവരെ എത്ര ഉദ്യോഗങ്ങൾ ഇല്ലായ്മ ചെയ്തിട്ടുണ്ടു്;

(ബി) അതുകൊണ്ടു് ചിലവിൽ കുറവുവന്നിട്ടുള്ള സംഖ്യ എത്ര?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ ബി) ഉദ്ദേശം ൪൦൦ ഉദ്യോഗങ്ങൾ ഇല്ലായ്മ ചെയ്തിട്ടുണ്ടു്. പക്ഷേ പിരിച്ചുവിട്ടിട്ടുള്ളവരിൽ അധികംപേരെയും വേറെ ഉദ്യോഗങ്ങളിൽ നിയമിച്ചിട്ടുണ്ടു്. കൂടുതൽ വിവരം സംഭരിക്കുന്നതിനു് ദീർഘമായ അന്വേഷണം വേണ്ടിവരും.

കൈക്കുലിക്കുറ്റത്തിനു പിരിച്ചുവിട്ട ഉദ്യോഗസ്ഥന്മാർ

*൧൦൩൭. (൨൬) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—